# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

### ബൈപ്പാസ് നിർമ്മാണത്തിന് സ്ഥലം വിട്ടുനൽകിയവർക്ക് കെട്ടിട നിർമ്മാണത്തിന് ഇളവ്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 1788.    08.06.18- ൽ മറുപടി നൽകേണ്ടിയിരുന്നത്

| ചോദ്യം<br>ശ്രീ.മോൻസ് ജോസഫ് | | മറുപടി<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ പ്രധാന ബൈപ്പാസ് നിർമ്മാണത്തിന് സ്ഥലം വിട്ടുനൽകിയവർക്ക് കെട്ടിട നിർമ്മാണത്തിന് ഇളവ് നൽകുന്നത് സംബന്ധിച്ച് സർക്കാർ ഉത്തരവ് നിലവിലുണ്ടോ; | (എ) | റോഡ് വികസനത്തിന് ഭൂമിയുടെ ഭാഗം സൗജന്യമായി വിട്ടു കൊടുത്ത പ്ലോട്ടുകളിലെ നിർമ്മാണങ്ങൾക്ക് കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ അദ്ധ്യായം XI (ചട്ടം 79), കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ അദ്ധ്യായം XI (ചട്ടം 77) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇളവ് അനുവദിക്കാവുന്നതാണ്. |
| (ബി) | ഇത്തരത്തിൽ സ്ഥലം വിട്ടുനൽകിയ ഉടമകൾക്ക് പുതിയ കെട്ടിടം ആ സ്ഥലത്തോട് ചേർന്ന് പണിയുമ്പോൾ ഇളവ് നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എത്ര അപേക്ഷകൾ പഞ്ചായത്ത് ഡയറക്ടറേറ്റിൽ തീരുമാനമാകാതെ കിടക്കുന്നുണ്ട് എന്നറിയിക്കാമോ; | (ബി) & (സി) | 19/01/2013-ലെ സ.ഉ.(ആർ.റ്റി) നം.2343/13/തസ്വഭവ പ്രകാരം പൊതു ആവശ്യങ്ങൾക്ക് ഭൂമി വിട്ടു നൽകിയവർക്ക് ഇളവ് അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നത് പ്രാദേശികതല സമിതിയാണ്. ഇത് സംബന്ധിച്ച അപേക്ഷകൾ പഞ്ചായത്ത് ഡയറക്ടറേറ്റിൽ സമർപ്പിക്കാറില്ല. |
| (സി) | ഇത്തരം അപേക്ഷകളിൽ എത്രയെണ്ണത്തിന് ഇളവ് നൽകി എന്ന് അറിയിക്കാമോ; ഏതൊക്കെ പഞ്ചായത്തിൽ എന്നും വ്യക്തമാക്കാമോ; | | |
| (ഡി) | നഷ്ടപരിഹാരത്തുക വാങ്ങിയെങ്കിലും മാനുഷിക പരിഗണന നൽകി എത്ര കെട്ടിടങ്ങൾക്ക് ഇളവ് അനുവദിച്ചിട്ടുണ്ട്; അവ ഏതൊക്കെ പഞ്ചായത്തിലാണ്; ആർക്കൊക്കെ നൽകി; വിശദാംശം വ്യക്തമാക്കുമോ; | (ഡി) | ഇത്തരത്തിൽ ഇളവുകളൊന്നും നല്കിയിട്ടില്ല. |

| | | | |
|---|---|---|---|
| (ഇ) | സ്ഥലം വിട്ടുകൊടുത്ത കെട്ടിട ഉടമകൾക്ക് ആദ്യത്തെ നിലയ്ക്ക് നേരത്തെ നമ്പർ നൽകുകയും എന്നാൽ സ്ഥലം വിട്ടുനൽകിയ ശേഷം കെട്ടിട നിർമ്മാണച്ചട്ടം പാലിച്ചില്ല എന്ന കാരണം പറഞ്ഞ് കെട്ടിട നമ്പർ നിഷേധിക്കുന്ന അവസ്ഥ പരിഹ-രിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; ഇത്തരം എത്ര അപേക്ഷകൾ തീരുമാനമാ-കാതെ സർക്കാരിന്റെ മുന്നിലുണ്ട് എന്നറിയിക്കാമോ; ഇവയിൽ എത്രയും വേഗം തീരുമാനം കൈക്കൊള്ളുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | 19/01/2013-ലെ സ.ഉ.(ആർ.റ്റി) നം.2343/13/തസ്വഭവ പ്രകാരം പൊതു ആവശ്യങ്ങൾക്ക് ഭൂമി വിട്ടു നൽകിയവർക്ക് ഇളവ് അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നത് പ്രാദേശികതല സമിതിയാണ്. ടി സമിതിയിൽ നിന്നും ഇത്തരത്തിലുള്ള അപേക്ഷകൾ സർക്കാരിൽ ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ